# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2559 — 27/01/2014-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിൽ 2014-15 വർഷം വിതരണം ചെയ്യേണ്ട മരുന്നുകളുടെ സംഭരണം

**ചോദ്യം** — **മറുപടി**

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ 2014-15 വർഷം വിതരണം ചെയ്യേണ്ട മരുന്നുകളുടെ സംഭരണത്തിനായി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ 2014-15 വർഷം വിതരണം ചെയ്യുന്നതിനായി 771 ഇനം മരുന്നുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ, പട്ടികയുടെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കാമോ ; | (ബി) | നിലവിലുള്ള മരുന്നു പട്ടികയിൽ 698 ഇനം മരുന്നുകളും, കാൻസർ രോഗ ചികിത്സയ്ക്കായുള്ള 73 ഇനം മരുന്നുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നു പട്ടികയുടെ പകർപ്പ് **അനുബന്ധം I** ആയി ചേർക്കുന്നു. |
| (സി) | 2013-14 വർഷത്തേയ്ക്ക് പ്രസ്തുത ആവശ്യത്തിന് തയ്യാറാക്കിയ മരുന്നുകളുടെ പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ ; | (സി) | 2013-14 വർഷത്തെ മരുന്നു പട്ടിക **അനുബന്ധം II** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | അടുത്ത സാമ്പത്തിക വർഷത്തേക്ക് സംഭരണത്തിനായി തയ്യാറാക്കിയ പട്ടികയിൽ നിന്ന് 165 മരുന്നുകളെ ഒഴിവാക്കിയിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ മരുന്നു പട്ടികയിൽ നിന്നും നീക്കം ചെയ്ത മരുന്നുകളുടെ വിശദാംശങ്ങൾ **അനുബന്ധം III** ആയി ചേർക്കുന്നു. |
| (ഇ) | എങ്കിൽ പ്രസ്തുത മരുന്നുകൾ ഏതെല്ലാമാണെന്നും അവ എന്തെല്ലാം രോഗങ്ങൾക്ക് ഉപയോഗിക്കേണ്ട മരുന്നുകളാണെന്നും വിശദമാക്കാമോ ; | | |
| (എഫ്) | പ്രസ്തുത പട്ടിക തയ്യാറാക്കിയത് ആരാണെന്നും ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ 165 മരുന്നുകളെ ഒഴിവാക്കാനുണ്ടായ കാരണങ്ങളെന്താണെന്നും വ്യക്തമാക്കാമോ ; | (എഫ്) | നിലവിലുള്ള മരുന്നു പട്ടിക പുതുക്കുന്നതിനായി കോർപ്പറേഷൻ ആസ്ഥാനത്ത് 07.10.2013 മുതൽ 20.10.2013 വരെ ആരോഗ്യവകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഡോക്ടർമാരുടെ വകുപ്പു തല-വിദഗ്ദ്ധ സമിതി കൂടുകയുണ്ടായി. ഇതേ ഉദ്ദേശത്തിൽ എല്ലാ ജില്ലാതലങ്ങളിലും 22.10.2013 മുതൽ 01.11.2013 വരെ ഡോക്ടർമാർ, സ്റ്റോർ സൂപ്രണ്ടുമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയവർ ഉൾപ്പെട്ട കൂടിയാലോചനകളും നടത്തുകയുണ്ടായി. ഇതുകൂടാതെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഉപഭോഗത്തിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ഒരു മരുന്നു പട്ടിക കോർപ്പറേഷന് ലഭിച്ചു. ആരോഗ്യ/ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ വിദഗ്ധർ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി മരുന്നു പട്ടിക പരിഷ്കരിക്കുന്നതിനുള്ള ഒരു സമിതി 25/11/2013-ൽ യോഗം ചേരുകയുണ്ടായി. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അവലംബിച്ച് കമ്മിറ്റി ഓരോ മരുന്നിനെയും വിലയിരുത്തുകയുണ്ടായി.<br>1. മുൻവർഷങ്ങളിലെ ആരോഗ്യ വകുപ്പിൽ നിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഭിച്ച ഇൻഡന്റ്,<br>2. ടെണ്ട ർ ക്ഷണിക്കുമ്പോൾ പതിവായി വിതര ണക്കാരെ ലഭിക്കാത്ത ഇനങ്ങൾ,<br>3. മുൻ വർഷങ്ങളിലെ വില,<br>4. ജില്ലാ തലങ്ങളിലും കോർപ്പറേഷൻ ആസ്ഥാനത്തും നടന്ന വിദഗ്ദ്ധ ഡോക്ടർമാരുടെ സമിതിയുടെ നിരീക്ഷണങ്ങൾ,<br>5. ആരോഗ്യ വിദ്യാഭ്യാസ വകുപ്പു ലഭ്യമാക്കിയ പട്ടികയിലെ സ്ഥാനം,<br>6. ദേശീയ അവശ്യമരുന്നു പട്ടികയിലെ ലഭ്യത,<br>7. ഒരു ലിസ്റ്റിൽ ലഭ്യമായ മരുന്നുകൾ തന്നെ മറ്റൊരു ലിസ്റ്റിൽ പല സ്ട്രെംങ്ത്/സ്പെസിഫിക്കേഷനിൽ ലഭ്യമാണ് എന്നതും,<br>8. വിപണിയിലുള്ള മരുന്നിന്റെ സ്ട്രെംങ്ത്/ സ്പെസിഫിക്കേഷനും കെ.എം.എസ്.സി.എൽ ന്റെ പട്ടികയിലുള്ള മരുന്നിന്റെ സ്ട്രെംങ്ത്/ സ്പെസിഫിക്കേഷനും തമ്മിലുള്ള വ്യത്യാസം എന്നിവ.<br>വിശദമായ പരിശോധനയ്ക്കു ശേഷം തയ്യാറാക്കിയ ലിസ്റ്റ് 28.11.2013 നു വീണ്ടും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ആശുപത്രി സൂപ്രണ്ടുമാരുടെയും, സ്റ്റോർ സൂപ്രണ്ടുമാരുടെയും യോഗത്തിൽ ചർച്ച ചെയ്ത് അതനുസരിച്ചുള്ള ഭേദഗതികൾ ഉൾപ്പെടുത്തി 697 മരുന്നുകളുടെ പട്ടിക തയ്യാറാക്കി. കാൻസർ രോഗ ചികിത്സയ്ക്കുപയോഗിക്കുന്ന ഹൈഡ്രോക്സി യൂറിയ എന്ന മരുന്ന്, സിക്കിൾ സെൽ അനീമിയ എന്ന രോഗത്തിനും വ്യാപകമായി ഉപയോഗിക്കുന്നതിനാൽ പാലക്കാട്, മലപ്പുറം, വയനാട് തുടങ്ങിയ ജില്ലകളിൽ വ്യാപകമായി ആവശ്യപ്പെടാറുണ്ട്. ആയതിനാൽ ഹൈഡ്രോക്സി യൂറിയ ടാബ്ലറ്റ് 500 മി. ഗ്രാം കാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നു പട്ടികയിൽ നിന്നും വേർപെടുത്തി അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കാൻസർ രോഗചികിത്സാ വിഭാഗത്തിലെ ഡോക്ടർമാരുടെ യോഗം 26.09.2013 ൽ കോർപ്പറേഷൻ ആസ്ഥാനത്ത് കൂടി നിലവിലുള്ള കാൻസർ |

| | | | |
|---|---|---|---|
| | | | റേഷൻ ആസ്ഥാനത്ത് കൂടി നിലവിലുള്ള കാൻസർ മരുന്നുകളുടെ പട്ടിക വിലയിരുത്തുകയുണ്ടായി. 2013-14 സാമ്പത്തികവർഷത്തെ കാൻസർരോഗ ചികിത്സയ്ക്കുള്ള 107 ഇനം മരുന്നു പട്ടികയിൽ, മേൽപ്പറഞ്ഞ മരുന്നു പട്ടികയിൽ ഉൾപ്പെടുത്തിയ ഹൈഡ്രോക്സി യൂറിയ ടാബ്ലറ്റ് 500 മി. ഗ്രാം ഒഴികെ 73 എണ്ണം മാത്രം ഉൾപ്പെടുത്തി സൗജന്യമായി വിതരണം ചെയ്യേണ്ട ആവശ്യമേ നിലവിലുള്ളൂ എന്ന് കണ്ടെത്തുകയുണ്ടായി. കാൻസർ രോഗ ചികിത്സയ്ക്കുള്ള ചില വിലകൂടിയ ഇനം മരുന്നുകൾ കോർപ്പറേഷന്റെ മരുന്നു പട്ടികയിൽ നിന്നും നീക്കം ചെയ്തെങ്കിലും അവ സർക്കാരിന്റെ മറ്റു പദ്ധതികൾ പ്രകാരം സൗജന്യമായിത്തന്നെ (കാരുണ്യാ ബെനവലന്റ് ഫണ്ട് മുതലായ പദ്ധതികളിലൂടെ) രോഗികൾക്ക് നൽകാനാകും എന്നും കമ്മിറ്റി വിലയിരുത്തി. ആശുപത്രികളിൽ വ്യാപകമായി ഉപയോഗിക്കുന്ന മരുന്നുകളോ, യാതൊരു ജീവൻരക്ഷാ മരുന്നുകളോ കോർപ്പറേഷൻ മരുന്നു പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |
| (ജി) | ഇത് സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഒഴിവാക്കിയ മരുന്നുകളെക്കൂടി പട്ടികയിൽ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (ജി) | മുൻ ചോദ്യത്തിന് വ്യക്തമാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കിയ മരുന്നുകൾ വീണ്ടും ഉൾപ്പെടുത്തേണ്ട സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**